Break the chain
കൈവിടാതിരിക്കാം... കൈ കഴുകാം...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 1111/എ2/2021/അഡ്മിൻ. 10.03.2022

## <u>ക്വട്ടേഷൻ നോട്ടീസ്</u>

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല പൈതൃകമ്യൂസിയം ചുമരുകൾ പെയിന്റ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല പൈതൃകമ്യൂസിയത്തിന്റെ ചുമരുകൾ പെയിന്റ് ചെയ്ത് നൽകുന്നതിന് അംഗീകൃത വ്യക്തികൾ/സ്ഥാപനങ്ങളിൽനിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

പൈതൃകമ്യൂസിയത്തിലെ മരത്തിൽ പണിത് സ്ഥാപിച്ച റാക്കുകൾ അടക്കം ചുമരുകൾ മൊത്തം വൃത്തിയാക്കി പുട്ടി അടിച്ച് 2 കോട്ട് പെയിന്റ് ചെയ്തു നൽകേണ്ടതാണ്. മരത്തിൽ പണിത റാക്കുകളിൽ നിലവിലുള്ള പോളിഷ് മൊത്തമായും നീക്കം ചെയ്ത് പ്രൈമറടിച്ച് പുട്ടിയിട്ട് മിനുസപ്പെടുത്തി വീണ്ടും പ്രൈമറടിച്ച് പെയിന്റ് ചെയ്യണം. (മരത്തിന്റെ റാക്ക് – കോഫി ബ്രൗൺ, ചുമർ – ഐവറി കളർ)

മുദ്ര വച്ച ക്വട്ടേഷനുകൾ **22.03.2022 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. **<u>"മലയാളസർവ്വകലാശാല – പൈതൃകമ്യൂസിയം പെയിന്റ് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"</u>** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ക്വട്ടേഷനുകൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 3 മണിക്ക് തുറക്കുന്നതും തിരഞ്ഞെടുക്കുന്ന അംഗീകൃത വ്യക്തികൾ/സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്.

ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.

കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം പെയിന്റിംഗ് പ്രവൃത്തികൾ ആരംഭിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്. (എസ്റ്റേറ്റ് ഓഫീസർ – 9526359354)

**രജിസ്ട്രാർ ഇൻ ചാർജ്ജ്**

വി.സി. കാര്യാലയം/മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ/കരുതൽ രേഖ